# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## അണുബോംബിനെ അതിജീവിച്ച ആയുധം!



മക്അലൻ, ടെക്സസ്: എഴുപത് വർഷങ്ങൾക്ക് മുമ്പ് 1945 ൽ ലോകത്തെ ഞെട്ടിച്ചുകൊണ്ട് ഹിരോഷിമയിലും നാഗസാക്കിയിലും, നാശകരമായ അണുബോംബുകൾ വർഷിക്കപ്പെട്ടു. ഹിരോഷിമയിൽ ബോംബ് വീണപ്പോൾത്തന്നെ എൺപതിനായിരത്തിലധികം ആളുകൾ കൊല്ലപ്പെട്ടു. പിന്നീട് ഒന്നരലക്ഷത്തോളം പേർ റേഡിയേഷൻ മൂലം മരിച്ചുവെന്നാണ് റിപ്പോർട്ട്. നാഗസാക്കിയിലും ആയിരങ്ങൾ മരണത്തിന് കീഴടങ്ങി. ഔദ്യോഗിക കണക്കുകളേക്കാൾ അധികമായി ജനങ്ങൾ ഈ ലോകത്തോട് വടപറഞ്ഞുവെന്നത് വസ്തുതയാണ്.

എന്നാൽ ഹിരോഷിമയിലെ ബോംബ് വീണ സ്ഥലത്തുനിന്ന് അധികം ദൂരത്തല്ലാതെ ഒരു ഈശോസഭാ ആശ്രമമുണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന നാലു വൈദീകർ ഹ്യൂഗോ ലാസ്സൽ, ഹ്യൂബർട്, ഷിഫർ, വിൽഹെം ക്ലെയിൻസോർജ്, ഹ്യൂബർട് സെയ്‌ലിക് എന്നിവർ ഈ ആക്രമണത്തെ അത്ഭുതകരമായി അതിജീവിച്ചു. അവർ തങ്ങളുടെ രക്ഷപ്പെടലിന്റെ കാരണമായി പറഞ്ഞത് ജപമാല പ്രാർത്ഥനയാണ്. ബോംബ് ഭീഷണിയും യുദ്ധഭീകരതയും ഉണ്ടായപ്പോൾ ഇവർ ദൈവമാതാവിന്റെ മാധ്യസ്ഥതയിൽ അഭയം തേടി. ലോകത്തിന് സാക്ഷ്യമാകത്തക്ക രീതിയിൽ അവരെ അമ്മയുടെ മാധ്യസ്ഥം സംരക്ഷിച്ചു. അന്ന് തകരാതെ അവശേഷിച്ച ഒരു കെട്ടിടവും ഇവരുടെ ആശ്രയമായിരുന്നു. ജനാലയുടെ ചെറിയൊരു ചില്ലുതകർന്നതൊഴിച്ചാൽ മറ്റൊരു അപകടവും ഉണ്ടായില്ല.

പിന്നീട് ഡോക്ടർമാർ ഇവരെ പരിശോധിച്ചപ്പോൾ റേഡിയേഷന്റെ ഫലമായി ഗുരുതരമായ രോഗങ്ങൾ ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ യാതൊന്നും സംഭവിച്ചില്ല. 1976 ൽ ഫിലാദെൽഫിയയിൽ വച്ച് ദിവ്യകാരുണ്യ കോൺഗ്രസിൽ ഈ സാക്ഷ്യം പറയുവാൻ ഫാദർ ഷിഫർ എത്തിയിരുന്നു. ജപമാലയുടെ ശക്തിയെക്കുറിച്ചാണ് അദ്ദേഹം അന്ന് പറഞ്ഞത്. മറ്റുള്ളവരോട് ദൈവം ക്രൂരത കാട്ടുകയായിരുന്നോ എന്നുള്ള ചോദ്യത്തിനും അദ്ദേഹം ഉത്തരം നൽകി. ഞങ്ങളുടെ ജീവിതം രക്ഷിക്കപ്പെട്ടത് ഞങ്ങൾ അവരെക്കാൾ ശ്രേഷ്ഠരായതുകൊണ്ടോ ദൈവം തിരിച്ചുവ്യത്യാസം കാട്ടിയതുകൊണ്ടോ അല്ല മറിച്ച് ജപമാലയുടെ ശക്തി ലോകത്തെ ബോധ്യപ്പെടുത്തുന്നതിനാണ്. അണുബോംബിനെപ്പോലും അതിജീവിക്കാനുള്ള ശക്തി ജപമാല പ്രാർത്ഥനയ്ക്കുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ നാലുപേരുടെ ശരീരത്തിൽ 200 ഓളം ടെസ്റ്റുകളും നടത്തപ്പെടുകയുണ്ടായി. എന്നാൽ അണുബോംബുമായി ബന്ധപ്പെട്ട യാതൊരു രോഗവും അവരുടെ ശരീരത്തിൽ കണ്ടെത്താനുമായില്ല. യുദ്ധങ്ങൾക്കെതിരെ ദൈവമാതാവിന്റെ മാധ്യസ്ഥം എത്ര ശക്തമാണെന്നും ഈ സംഭവം വെളിപ്പെടുത്തുന്നു.